ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
**മേജർ ആർച്ച്ബിഷപ്പ് - കാതോലിക്കോസ്**
**മോറാൻ മോർ ബസേലിയോസ് ക്ലീമീസ് ബാവായിൽ**
നിന്നും നമ്മുടെ അധികാരത്തിൻ കീഴിലുള്ള മേല്പട്ടക്കാർക്കും
കോർ എപ്പിസ്ക്കോപ്പാമാർക്കും റമ്പാന്മാർക്കും പട്ടക്കാർക്കും
ശെമ്മാശഗണത്തിനും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്.

Prot No CPL 3/2011

സ്വയംഭൂവും സർവശക്തനും ആദ്യന്തമില്ലാത്തവനും
സാരാംശത്തിൽ സമത്വമുള്ളവനുമായ ത്രീയേക ദൈവത്തിനു സ്തുതി.

## പ്രഥമ മലങ്കര സുറിയാനി കത്തോലിക്കാ സഭാ അസംബ്ലിയുടെ നിർദ്ദേശങ്ങളുടെ പശ്ചാത്തലത്തിൽ പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ തീരുമാനങ്ങൾ

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്കോപ്പാമാരേ, റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

"സുവിശേഷകയായ മലങ്കര സുറിയാനി കത്തോലിക്കാസഭ" എന്ന വിഷയം ആസ്പദമാക്കിയുള്ള നമ്മുടെ പ്രഥമ സഭാഅസംബ്ലി, ദൈവത്തിന്റെ അനന്തമായ സ്നേഹപരിപാലനയാലും ഏവരുടേയും പ്രാർത്ഥനയാലും വളരെ അനുഗ്രഹകരമായി 2011 സെപ്തംബർ 21 മുതൽ 23 വരെ നമ്മുടെ സഭാ ആസ്ഥാന കാര്യാലയമായ കാതോലിക്കേറ്റ് സെന്ററിൽവച്ചു നടന്നു. സഭയുടെ വിവിധ തലങ്ങളെ പ്രതിനിധീകരിച്ച് സഭാദ്ധ്യക്ഷന്റെ അദ്ധ്യക്ഷതയിൽ സഭയിലെ മെത്രാപ്പോലീത്താമാരും, വൈദികരും, സന്യസ്തരും, അല്മായരും ഉൾപ്പെടുന്ന 173 അംഗങ്ങൾ പങ്കെടുത്ത സഭാ അസംബ്ലി നമ്മുടെ സഭാജീവിതത്തിൽ ഒരു പുത്തനുണർവ് സംലഭ്യമാക്കിയെന്നതിൽ ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

പരി. ത്രിത്വത്തിലധിഷ്ഠിതവും, വചനപ്രേരിതവും, സഭാത്മകവും, സാർവത്രികവുമായ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രേഷിത ദർശനത്തെയും ദൗത്യത്തെയും സംബന്ധിച്ച സുവ്യക്തമായ ദർശനം രൂപീകരിക്കുവാനും ഫലപ്രദമായ മാർഗനിർദ്ദേശങ്ങൾ നൽകുവാനും ഭദ്രാസന തലങ്ങളിലും മറ്റു വിവിധ തലങ്ങളിലും നടന്ന അസംബ്ലികളിലൂടെ സാധിച്ചു. സഭാഅസംബ്ലിയെ തുടർന്നു നടന്ന പരി. എപ്പിസ്കോപ്പൽ സുന്നഹദോസിൽ അസംബ്ലിയുടെ നിർദ്ദേശങ്ങൾ അംഗീകരിക്കുന്നതിനും ഫലപ്രദവും അനുഗ്രഹകര വുമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും ദൈവകൃപയാൽ സാധിച്ചു എന്ന് സഭാമക്കളേവരേയും സസന്തോഷം ഞാൻ അറിയിക്കുന്നു.

"സമയം പൂർത്തിയായി, ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ" (മർക്കോ 1:15) എന്ന് ആഹ്വാനം ചെയ്തുകൊണ്ട് യേശുമിശിഹാ തന്റെ പരസ്യജീവിതം ആരംഭിച്ചു. തന്റെ പീഡാസഹനം, കുരിശുമരണം, ഉത്ഥാനം എന്നിവയിലൂടെ യേശു തന്റെ സുവിശേഷദൗത്യം പൂർത്തിയാക്കി. "പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു..." (യോഹ 20:21-23) എന്ന് പറഞ്ഞ്, പിതാവിൽ നിന്ന് സ്വീകരിച്ച അതേ സുവിശേഷ ദൗത്യം ഉത്ഥിതനായ കർത്താവ് തന്റെ ശിഷ്യഗണത്തെ (സഭയെ) ഭരമേല്പ്പിച്ചു: "നിങ്ങൾ ലോകമെങ്ങുംപോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോ 16:15; മത്താ 28:19).

സഭ സ്വഭാവത്താലെ പ്രേഷിതയാണ്; കാരണം പിതാവായ ദൈവത്തിന്റെ പദ്ധതിപ്രകാരമുള്ള പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും പ്രേഷിതത്വത്തിൽനിന്നാണ് അവളുടെ ഉത്ഭവം. സുവിശേഷീകരണ ശുശ്രൂഷ സഭയ്ക്കു ലഭിച്ച കൃപയും വിളിയും ഉത്തരവാദിത്വവുമാണ്. അത് സഭയുടെ പൊതുവായുള്ളതും, വിശ്വാസികൾ ഓരോരുത്തരുടെയും സർവപ്രധാനവുമായ ചുമതലയത്രേ. സുവിശേഷ പ്രചരണം ദൈവനാമം മഹത്വപ്പെടുന്നതിലേക്ക് അനിവാര്യമാണെന്ന് നമ്മുടെ പുണ്യപിതാവായ ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനി നമ്മെ ഓർമ്മപ്പെടുത്തുന്നു.

ആദ്യനൂറ്റാണ്ടിൽതന്നെ വി. തോമാശ്ലീഹായിൽ നിന്ന് സുവിശേഷ വെളിച്ചം സ്വീകരിച്ച് മലങ്കര സഭയിൽ ക്രിസ്തീയ വിശ്വാസത്തിന്റെ അപ്പസ്തോലിക പൈതൃകവും, സാർവത്രിക സഭാബന്ധവും, സുറിയാനി പാരമ്പര്യവും ഭാരത സംസ്കാരവും, സമഞ്ജസമായി സമ്മേളിക്കുന്നു. പ്രേഷിത ദൗത്യത്തിന്റെ



അഭൂതപൂർവമായ ഒരു മുന്നേറ്റമാണ് ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ മലങ്കരയിൽ സംജാതമായത്. ആത്മീയ നവീകരണ ത്തോടൊപ്പമുള്ള സുവിശേഷ പ്രചരണത്തിലൂടെയും പുനരൈക്യ ശുശ്രൂഷയിലൂടെയും മലങ്കര സുറിയാനി കത്തോലിക്കാസഭ പടർന്ന് പന്തലിക്കാനിടയായി. ഈ മുന്നേറ്റത്തിന്റെ പ്രത്യക്ഷഫലങ്ങളാണ് തെക്കൻ കേരളത്തിലെ കിളിമാനൂർ, കഴക്കൂട്ടം, നെടുമങ്ങാട്, കാട്ടാക്കട, നെയ്യാറ്റിൻകര, പാറശാല മുതലായ പ്രദേശങ്ങളിലേക്കും, തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയിലേയ്ക്കും ഹൈറേഞ്ച്, ലോറേഞ്ച്, മലബാർ, കർണാടകയിലെ സൗത്ത്കാനറ മുതലായ പ്രദേശങ്ങളി ലേക്കുമുള്ള സഭയുടെ വ്യാപിക്കലും; തൽഫലമായി രൂപംകൊണ്ട ബത്തേരി, മാർത്താണ്ഡം, മൂവാറ്റുപുഴ, പുത്തൂർ എന്നീ ഭദ്രാസനങ്ങളും. ഇൻഡ്യയിലെ ഭദ്രാസനേതര പ്രദേശങ്ങളും (ഇ.റ്റി.ആർ.ഐ), ഭാരതത്തിനു പുറത്തുള്ള എക്സാർക്കേറ്റും ഭദ്രാസനേതര പ്രദേശങ്ങളും സഭാമക്കളുടെ തീക്ഷ്ണമായ പ്രേഷിത പ്രവർത്തനത്തിലൂടെ സംജാതമായ കാനോനിക സംവിധാനങ്ങളാണ്.

സുവിശേഷീകരണം പരിശുദ്ധാത്മാവിന്റെ ഒരു പ്രവൃത്തിയാണ്. ദൈവാത്മ ചൈതന്യത്താൽ നവീകരിക്കപ്പെട്ട് ദൈവസ്നേഹ തീക്ഷ്ണതയിൽ ജ്വലിക്കുന്നവർക്കു മാത്രമേ യഥാർത്ഥ സുവിശേഷ വാഹകരാകുന്നതിനു സാധിക്കുകയുള്ളു. "ഉന്നതത്തിൽ നിന്നു ശക്തി ധരിക്കുന്നതുവരെ നഗരത്തിൽ തന്നെ വസിക്കുവിൻ" (ലൂക്കാ 24:49) എന്ന കർത്താവിന്റെ ആഹ്വാനം ശിരസാ വഹിച്ച ശിഷ്യഗണം പരിശുദ്ധാത്മ അഭിഷേകം പ്രാപിച്ചുകഴിഞ്ഞിട്ടാണ് ലോകം മുഴുവനും പോയി വചനം പ്രഘോഷിച്ചത്. അതുകൊണ്ടാണ്, "തീക്ഷ്ണതയിൽ മാന്ദ്യംകൂടാതെ ആത്മാവിൽ ജ്വലിക്കുന്നവരായി കർത്താവിനെ ശുശ്രൂഷിക്കുവാൻ" (റോമ 12:11) അവർക്കു കഴിഞ്ഞത്. തെരഞ്ഞെടുക്കപ്പെട്ട സ്വന്തജനത്തിൽ (യഹൂദരിൽ) നിന്ന് ആരംഭിച്ച് സകലജനത്തെയും തന്നിലേക്ക് ആകർഷിക്കുക എന്ന ഒരു സമീപന രീതിയാണ് പിതാവായ ദൈവം സ്വീകരിച്ചത് (യോഹ 4:22; മത്താ 15:24; 10:6; 24:14; 28:19-20). ഇതേ സമീപനമാണ് നമ്മുടെ കർത്താവ് തന്റെ ശിഷ്യഗണത്തിനു നല്കിയതും: "പരിശുദ്ധാത്മാവ് നിങ്ങളിൽ വന്നു കഴിയുമ്പോൾ നിങ്ങൾ ശക്തിപ്രാപിക്കും. ജറുസലേമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾ വരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുകയും ചെയ്യും" (അ.പ്ര 1:8). നമ്മുടെ സുവിശേഷവത്ക്കരണ യജ്ഞം 'ജറുസലേമിൽ' ആരംഭിച്ച്, 'സമരിയാ'യിലൂടെ ലോകത്തിന്റെ അതിർത്തികൾവരെ എത്തണം.

മലങ്കര സഭയുടെ ആദ്ധ്യാത്മിക നവീകരണം, പുനരൈക്യം (സഭൈക്യം), സുവിശേഷ പ്രഘോഷണം എന്നീ മൂന്നു തലങ്ങൾക്ക് ഊന്നൽ കൊടുത്തു കൊണ്ടുള്ള പ്രേഷിത പ്രവർത്തന ശൈലിയാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടേത്. ഈ ദർശനത്തിൽ നിന്നുകൊണ്ടാണ് നമ്മുടെ പ്രഥമ സഭാ അസംബ്ലിയുടെ മാർഗരേഖ തയാറാക്കിയതും ചർച്ചകളും, ആശയസമന്വയവും നടത്തിയതും. ഇപ്രകാരമുള്ള ഒരു പ്രേഷിത ദർശനവും പ്രവർത്തന ശൈലിയും, തീഷ്ണതയും വളർത്തി നമ്മുടെ സഭയെ മുഴുവനായി ഒരു പുനഃപ്രതിഷ്ഠയ്ക്കു സജ്ജമാക്കുവാൻ പ്രതിജ്ഞാബദ്ധരായി മുന്നേറുന്നതിനുള്ള മാർഗനിർദ്ദേശങ്ങളാണ് സഭാഅസംബ്ലിയിൽ രൂപംകൊണ്ടത്. **പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിൽ സമർപ്പിക്കപ്പെട്ട സഭാ അസംബ്ലി നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ, സഭയുടെ മുഴുവൻ നന്മയ്ക്കായി പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് എടുത്ത തീരുമാനങ്ങൾ ഈ ഇടയലേഖനം വഴി ഞാൻ ഔദ്യോഗികമായി പ്രസിദ്ധപ്പെടുത്തുകയും പ്രാബല്യപ്പെടുത്തുകയും ചെയ്യുന്നു.** തുടർന്നുള്ള നമ്മുടെ സഭാജീവിതത്തിൽ ഇവ കൂടുതൽ ആഴത്തിൽ പഠിക്കാനും ചർച്ച ചെയ്യാനും, പ്രാർത്ഥിക്കാനും, പ്രാദേശികമായും സഭ മുഴുവനായും പ്രായോഗികമാക്കാനും ഞാൻ ഏവരെയും ഉദ്ബോധിപ്പിക്കുന്നു.

വ്യക്തി, കുടുംബം ഇടവക, ഭദ്രാസനം, സഭ, എന്നീ വിവിധതലങ്ങൾ കേന്ദ്രീകരിച്ചുള്ള ആദ്ധ്യാത്മികവും സഭാത്മകവുമായ നവീകരണം, സുവിശേഷ പ്രഘോഷണം, മറ്റു മതങ്ങളുമായുള്ള സംഭാഷണം, സാംസ്കാരിക അനുരൂപണം, പുനരൈക്യം, സാമൂഹ്യ പ്രവർത്തനം, സമൂഹനിർമിതിയിൽ സഭയുടെ പങ്കാളിത്തം തുടങ്ങിയ വിവിധ കർമ്മപദ്ധതികൾ ആവിഷ്ക്കരിച്ചിരിക്കുന്നതിന്റെ സംക്ഷിപ്ത രൂപം താഴെക്കൊടുക്കുന്നു.

അടുത്ത 5 വർഷവും പ്രത്യേക വർഷമായി പ്രഖ്യാപിക്കുവാൻ സഭ ആഗ്രഹിക്കുന്നു. ഓരോ വർഷവും ഓരോ പ്രത്യേക വിഷയത്തെ ആസ്പദമാക്കി വർഷാചരണം പ്രഖ്യാപിക്കുന്നതാണ്.

**1. വിശ്വാസ വർഷം:** ആദ്യം സുവിശേഷവത്ക്കരണം നടക്കേണ്ടത് ''ജറുസലേമിലും യൂദയാ'' മുഴുവനിലുമാണ്, അതായത് മാതൃസഭയിലാണ്. ആദ്ധ്യാത്മികവും സഭാത്മകവുമായ നവീകരണത്തിനുവേണ്ടിയുള്ള ആഹ്വാനവും നിർദ്ദേശങ്ങളുമാണ് സഭാ അസംബ്ലിയിലുടനീളം പ്രതിധ്വനിച്ചിരുന്നത്. ആത്മീയജീവിതവും സുവിശേഷവേലയും തമ്മിൽ അഭേദ്യമായ ബന്ധമാണുള്ളത്. അതിനാൽ



യഥാർത്ഥ ആദ്ധ്യാത്മിക അടിസ്ഥാനത്തിന്മേൽ നമ്മുടെ എല്ലാ പ്രേഷിത ശുശ്രൂഷകളേയും ബലപ്പെടുത്തേണ്ടതുണ്ട്. ഈ ലക്ഷ്യത്തോടെ, ആഗോള സഭയോടുചേർന്ന് **മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ 2012 "വിശ്വാസവർഷമായി" ഞാൻ പ്രഖ്യാപിക്കുന്നു.** 2012 മാർച്ചുമാസത്തിൽ നടക്കുന്ന വി. മൂറോൻ കൂദാശയോടെ വിശ്വാസവർഷം നിലവിൽ വരുന്നതാണ്.

ഈ വിശ്വാസവർഷത്തിൽ ആത്മീയ നവീകരണത്തിനും വിശ്വാസ വളർച്ചയ്ക്കുമായി വ്യക്തി, കുടുംബം, ഇടവക എന്നീ തലങ്ങൾ കേന്ദ്രീകരിച്ച്, സുവിശേഷീകരണത്തിനുള്ള സുന്നഹദോസ് കമ്മീഷന്റെ നേതൃത്വത്തിൽ, സുവിശേഷസംഘത്തിന്റെ സഹായത്തോടെ, അതാതു മേജർ അതിഭദ്രാസന/ അതിഭദ്രാസന/ ഭദ്രാസന/ എക്സാർക്കേറ്റ്/ ഭദ്രാസനേതര പ്രദേശങ്ങൾ എന്നിവിടങ്ങളിൽ വിവിധ കർമ്മപരിപാടികൾ ആവിഷ്ക്കരിക്കേണ്ടതാണ്. തിരുവചന ധ്യാന-പഠനം, വിശ്വാസ സംബന്ധമായ തിരുസഭാപ്രബോധനങ്ങൾ, വിശ്വാസപ്രമാണം, സഭയുടെ ആരാധനാജീവിതം, പ്രേഷിത ദൗത്യം മുതലായവയെ സംബന്ധിച്ച തുടർപരിശീലന ക്ലാസ്സുകളിലൂടെ ക്രിസ്തീയ ജീവിതത്തിലെ അടിസ്ഥാന വിശ്വാസ സത്യങ്ങൾ ആഴത്തിൽ പഠിക്കാനും മനസിലാക്കാനും ഈ വിശ്വാസ വർഷം നമ്മെ സഹായിക്കണം.

**2. സുവിശേഷ പ്രഘോഷണത്തിന് സർവ സാദ്ധ്യതകളും പ്രയോജനപ്പെടുത്തുക:** ക്രൈസ്തവസഭയുടെ സർവപ്രധാനമായ ചുമതല സുവിശേഷ പ്രചരണമത്രെ. "വചനം പ്രസംഗിക്കുക; സാഹചര്യങ്ങൾ അനുകൂലമാണെങ്കിലും അല്ലെങ്കിലും ജാഗരൂഗതയോടെ വർത്തിക്കുക" (2 തിമോ 4:2). ഭാരതത്തിൽ മാത്രമല്ല ഭൂമിയുടെ അതിർത്തികൾവരെ സുവിശേഷം അറിയിക്കുവാനുള്ള സഭയുടെ ഉത്തരവാദിത്വം നിറവേറ്റുന്നതിന് സാധ്യമായ എല്ലാ മാർഗങ്ങളും ഭദ്രാസനതലങ്ങളിൽ സ്വീകരിക്കേണ്ടതാണ്.

സഭാമക്കളുടെ പ്രേഷിത തീക്ഷ്ണത വർദ്ധിപ്പിച്ച് അവർ കണ്ടുമുട്ടുന്നവരും ഇടപെടുന്നവരുമായ എല്ലാ വ്യക്തികളോടും സുവിശേഷം പ്രഘോഷിക്കുകയാണ് ഇതിനുള്ള ഒരു പ്രധാന മാർഗം. രണ്ടാമതായി, നമ്മുടെ എല്ലാ സ്ഥാപനങ്ങളെയും പരമാവധി സുവിശേഷീകരണ വേദികളാക്കണം. അതായത് ദൈവസാന്നിദ്ധ്യവും ദൈവത്തിന് ഒന്നാംസ്ഥാനവും - ദൈവീകമൂല്യങ്ങൾക്ക് പ്രഥമ സ്ഥാനം - കൊടുക്കുന്നതിനുള്ള സാധ്യതകൾ കണ്ടെത്തണം. അത് സ്നേഹപൂർവം പരിചയപ്പെടുത്തിക്കൊടുക്കണം. സ്ഥാപനങ്ങളിലെ

അതാതുസമയത്തെ മേലധികാരികൾക്ക് ഇതിൽ വലിയ ഉത്തരവാദിത്വമുണ്ട്. അതോടൊപ്പം മാധ്യമങ്ങളെ സുവിശേഷീകരിച്ച് അത്യാധുനിക മാധ്യമങ്ങളുടെ സർവസാധ്യതകളും സുവിശേഷ പ്രഘോഷണത്തിന് പരമാവധി ഉപയോഗിക്കണം. മാധ്യമങ്ങളുടെ ശരിയായ ഉപയോഗം ദൈവരാജ്യത്തിന്റെ പ്രചാരത്തിന് വളരെയേറെ ഉപകരിക്കുമെന്ന യാഥാർത്ഥ്യം ഏവരും ഉൾക്കൊള്ളണം.

**3. പുനരൈക്യവും സഭൈക്യ ശുശ്രൂഷകളും:** "അവരെല്ലാവരും ഒന്നായിരിക്കാൻവേണ്ടി, പിതാവേ അങ്ങ് എന്നിലും, ഞാൻ അങ്ങിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്ന് ലോകം അറിയുന്നതിനുംവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു ..." (യോഹ 17:21-22). ഈ ഐക്യത്തിലേക്കുള്ള വിളിയാണ് സഭയാകുന്ന പുതിയ ഉടമ്പടിയുടെ ജനത്തിനു ലഭിച്ചിരിക്കുന്നത്. ക്രൈസ്തവ സഭകൾ തമ്മിലുള്ള ഐക്യം സുവിശേഷത്തിന്റെ ശരിയായ വ്യാപ്തിക്കും ക്രൈസ്തവ സാക്ഷ്യത്തിനും അനിവാര്യമാണ്. സഭകളുടെ അനൈക്യം ദൈവതിരുമനസ്സിനു വിരുദ്ധമാണ്. അത് ലോകത്തിന് ഇടർച്ചയാണ്, സുവിശേഷീകരണ ദൗത്യത്തെ തടസ്സപ്പെടുത്തുന്നതുമാണ്. മലങ്കര സഭാ പാരമ്പര്യത്തിലെ സഹോദരീ സഭകളെയും മറ്റെല്ലാ സഭാസമൂഹങ്ങളെയും മുന്നിൽക്കണ്ട് വിശാലമായ ഐക്യദർശനമുൾക്കൊണ്ട് പ്രതിജ്ഞാബദ്ധരായി നാം കർമ്മ രംഗത്തിറങ്ങണം. സാർവത്രിക സഭാകൂട്ടായ്മയുടെ പൂർണതയിലേക്ക് പ്രവേശിച്ചതിലൂടെ നാം അനുഭവിക്കുന്ന സന്തോഷവും സമാധാനവും വളർച്ചയും കണ്ട് ഇതര സഭാസമൂഹങ്ങളും സാർവത്രികസഭാകൂട്ടായ്മയിലേക്ക് ആകർഷിക്കപ്പെടത്തക്കവിധത്തിൽ സാക്ഷ്യത്തിന്റെ ജീവിതം നയിക്കുവാനും നാം ശ്രദ്ധിക്കണം. വ്യക്തിപരമായി കത്തോലിക്കാസഭാകൂട്ടായ്മയുടെ ആവശ്യകത ബോധ്യപ്പെടുന്നവരെ സഭാകൂട്ടായ്മയുടെ പൂർണതയിലേക്ക് സ്നേഹപൂർവം സ്വാഗതം ചെയ്യണം.

**4. സമൂഹ നിർമ്മിതിയിലുള്ള പങ്കാളിത്തം:** സാമൂഹിക തിന്മകൾക്കെതിരെ പ്രവാചകധീരതയോടെ നിലകൊണ്ട് ദൈവരാജ്യത്തിന്റെ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുകയും നന്മയെ വിജയത്തിലെത്തിക്കുകയും ചെയ്യുക ക്രൈസ്തവധർമ്മമാണ്. ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ, സമൂഹത്തെ ഗ്രസിച്ചിരിക്കുന്ന അഴിമതികൾക്കെതിരെ തിരുത്തൽശക്തിയായി നിലകൊള്ളുക, പരിസ്ഥിതി സംരക്ഷണം മുതലായവയാണ് ഈ ധർമ്മം നിറവേറ്റാനുള്ള പ്രധാന മാർഗങ്ങൾ. മദ്യരഹിത സമൂഹമായി മലങ്കര സുറിയാനി കത്തോലിക്കാസഭ സാക്ഷ്യം നല്കണം. മദ്യപാനത്തിന്റെ ദൂഷിത ഫലങ്ങൾ ജനങ്ങളെ ബോദ്ധ്യപ്പെടുത്തണം. മദ്യപാനം മാന്യതയുടെ അടയാളമായി/ഫാഷനായി കരുതുന്ന യുവതലമുറ നമ്മുടെ ശ്രദ്ധ ഏറെ ആവശ്യമുള്ളവരാണ് എന്നത് മറക്കാതിരിക്കുക. ഇടവകകൾ കേന്ദ്രീകരിച്ച് മദ്യവിരുദ്ധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക. അതുപോലെ നമ്മുടെ എല്ലാ സ്ഥാപനങ്ങളിലും സംവിധാനങ്ങളിലും സുതാര്യത എപ്പോഴും ഉറപ്പാക്കണം. സമൂഹത്തിൽ വളർന്നുവരുന്ന ഭീകര പ്രവർത്തനങ്ങൾ, അക്രമവാസന, വിഘടനവാദം മുതലായവയ്ക്കെതിരെ മലങ്കര സുറിയാനി കത്തോലിക്കാ സഭ പ്രത്യേക ജാഗ്രത പുലർത്തുകയും ചെയ്യേണ്ടതാണ്. ദൈവം തലമുറകൾക്കായി സൃഷ്ടിച്ചു നല്കിയ പ്രപഞ്ചത്തെ സംരക്ഷിക്കുവാനുള്ള ധർമ്മം മനുഷ്യനെയാണ് ഭരമേല്പിച്ചത്. അതുകൊണ്ട് പരിസ്ഥിതി സംരക്ഷണം സഭയുടെ പാവനമായ ദൗത്യമായി കരുതുകയും, പ്രകൃതിക്കെതിരായ അക്രമങ്ങൾ പാപമായി കരുതുകയും ചെയ്യേണ്ടതാണ്.

**5. ജീവന്റെ പോഷണം:** ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മനുഷ്യൻ പ്രപഞ്ചത്തിൽ ദൈവമഹത്വം വെളിവാക്കുന്നു. സൃഷ്ടികർമത്തിൽ ഗൗരവമായ ഉത്തരവാദിത്തം മനുഷ്യനെ ദൈവം ഭരമേൽപിച്ചിട്ടുണ്ട്. ദൈവദാനമായ മനുഷ്യജീവന്റെ ഉത്ഭവം മുതൽ അതിന്റെ പരിരക്ഷണത്തിൽ സവിശേഷമായ ഉത്തരവാദിത്തം വ്യക്തികളും കുടുംബങ്ങളും സമൂഹങ്ങളും നിർവഹിക്കേണ്ടതാണ്. ജീവനെതിരെയുള്ള എല്ലാ പ്രവർത്തനങ്ങളെയും അപലപിക്കുക മാത്രമല്ല, അതിനെതിരെ പ്രവാചകദൗത്യത്തോടെ നിലകൊള്ളാനുമുള്ള മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ദൈവിക ദൗത്യത്തിൽ സഭാമക്കളേവരും പങ്കാളികളാകണം. കുടുംബങ്ങൾ ജീവന്റെ കളരികളാകണം. കുഞ്ഞുങ്ങളെ വളർത്തുന്നതിൽ മാതാപിതാക്കൾക്കുള്ള ഉത്തരവാദിത്തം സഭാ അസംബ്ലി ഏറെ ചർച്ചചെയ്തു. രണ്ടിൽകൂടുതൽ മക്കളുള്ള ഭവനങ്ങളായി നമ്മുടെ കുടുംബങ്ങൾ മാറേണ്ടതാണ്. പാവപ്പെട്ട കുടുംബങ്ങളിലെ മക്കളുടെ വിദ്യാഭ്യാസ കാര്യത്തിൽ നമ്മുടെ സഭയുടെ പ്രതിബദ്ധത ഓരോ ഭദ്രാസനവും പരസ്യമായി പ്രഖ്യാപിക്കേണ്ടതാണ്.

**6. പാവങ്ങളോടുള്ള പക്ഷംചേരൽ:** ''പാവപ്പെട്ടവനിൽനിന്നു മുഖംതിരിച്ചുകളയരുത്. അപ്പോൾ ദൈവം നിന്നിൽനിന്നു മുഖംതിരിക്കുകയില്ല. സമ്പത്തേറുമ്പോൾ അതനുസരിച്ച് ദാനം

ചെയ്യുക. കുറച്ചേ ഉള്ളുവെങ്കിൽ അതനുസരിച്ച് ദാനംചെയ്യാൻ മടിക്കരുത്.'' (തോബിത് 4:7-11). ''സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവനു നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ, എനിക്കു തന്നെയാണു ചെയ്തുതന്നത്'' (മത്താ 25:40). അതിനാൽ പാവങ്ങളോടു കൂടുതൽ പക്ഷംചേരുന്നതിൽ മലങ്കര സുറിയാനി കത്തോലിക്കാസഭ കൂടുതൽ വിശാലവും സമഗ്രവുമായ സമീപനം സ്വീകരിക്കേണ്ടതാണ്. സമൂഹത്തിൽ അടിസ്ഥാന ആവശ്യങ്ങൾ നിഷേധിക്കപ്പെട്ടിരിക്കുന്നവർക്ക് മുൻഗണന നൽകി സഭയുടെ ജീവ കാരുണ്യ പ്രവർത്തനങ്ങളും സാമൂഹിക ക്ഷേമശുശ്രൂഷകളും ഭദ്രാസനതലത്തിൽ കൂടുതൽ കാര്യക്ഷമമാക്കണം.

**മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷ സംഘം**

നമ്മുടെ സഭാഅസംബ്ലിയുടെ എല്ലാ തലങ്ങളിൽനിന്നും ഉണ്ടായ ഒരു നിർദ്ദേശമാണ് സുവിശേഷ സംഘത്തിന്റെ രൂപീകരണം. സഭയുടെ പൊതു ആവശ്യമായ "മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷ സംഘം" ഇതിനാൽ നാം സ്ഥാപിക്കുന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആദ്ധ്യാത്മീക നവീകരണം, സുവിശേഷ പ്രഘോഷണം, പുനരൈക്യ ശുശ്രൂഷകൾ മുതലായവ ഫലപ്രദമായി നിർവഹിക്കുന്നതിനാണ് ഈ സംഘം. മേജർ ആർച്ചുബിഷപ്പ്-കാതോലിക്കാബാവാ മുഖ്യ രക്ഷാധികാരിയായി അഭിവന്ദ്യ ഡോ. ജേക്കബ് മാർ ബർണബാസ് തിരുമേനി ചെയർമാനും അഭിവന്ദ്യരായ ഡോ. ഏബ്രഹാം മാർ യൂലിയോസ്, ഡോ. വിൻസെന്റ് മാർ പൗലോസ് എന്നീ പിതാക്കന്മാർ വൈസ് ചെയർമാന്മാരുമായി ബഹു. വൈദികരുടെയും സന്യസ്തരുടെയും അല്മായരുടെയും പ്രതിനിധികളടങ്ങുന്ന ഒരു സമിതി സഭാതല സുവിശേഷ സംഘമായി പ്രവർത്തിക്കുന്നതാണ്. സഭാതല സുവിശേഷസംഘത്തിന്റെ സഹായത്തോടെ അതാതു ഭദ്രാസനാദ്ധ്യക്ഷന്മാരുടെ നേതൃത്വത്തിൽ മേജർ അതിഭദ്രാസന/ അതിഭദ്രാസന/ഭദ്രാസന/എക്സാർക്കേറ്റ്/ ഭദ്രാസനേതര തലങ്ങളിൽ സുവിശേഷസംഘങ്ങൾ രൂപീകരിച്ച് പരിശീലനം നൽകി സമയബന്ധിതമായി പ്രവർത്തനം ആരംഭിക്കേണ്ടതാണ്. 2012 മാർച്ച് മാസത്തിൽ സുവിശേഷ സംഘത്തിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. അതിന്റെ വിശദവിവരങ്ങൾ ഭദ്രാസനകേന്ദ്രങ്ങൾ പിന്നാലെ അറിയിക്കുന്നതാണ്.



**ഉപസംഹാരം**

ഓരോ വ്യക്തിക്കും നൽകപ്പെട്ടിരിക്കുന്ന ആത്മാക്കളെ രക്ഷിക്കുന്ന വലിയ ശുശ്രൂഷയാണ് സഭയുടേത്. ലോകത്തിന്റെ സമ്മർദ്ദത്തിലും പ്രലോഭനത്തിലും ആകർഷണീയതയിലും മതിറന്ന് ജീവന്റെ മഹത്വം നഷ്ടമാകാതിരിക്കുവാൻ ഒരു വലിയ ചോദ്യം സുവിശേഷം നമ്മോട് ചോദിക്കുന്നു, "ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം? ഒരുവൻ സ്വന്തം ആത്മാവിനു പകരമായി എന്തുകൊടുക്കും?" (മത്താ 16:26). ആയതിനാൽ, ആത്മാവിനെക്കുറിച്ചുള്ള കരുതൽ, പ്രിയ മക്കളെ നിങ്ങളെ ഭരിക്കട്ടെ!

യേശുക്രിസ്തുവിനെ അറിയുവാനും അനുഭവിക്കാനുമുള്ള അവകാശം എല്ലാവർക്കുമുണ്ട്. അതിനാൽ ക്രിസ്തുവിൽ സംജാതമായ രക്ഷയുടെ സുവിശേഷം സകലരെയും അറിയിക്കു വാനും ക്രിസ്താനുഭവം പങ്കുവച്ച് അനേകരെ കർത്താവിലേക്ക് ആനയിക്കാനുമുള്ള കടമ സുവിശേഷം സ്വീകരിച്ച നമുക്കുണ്ട്. അതിനു സാദ്ധ്യമായ എല്ലാ മാർഗങ്ങളും, വ്യക്തിപരമായും സഭയായും അന്വേഷിച്ച് നാം ഉപയോഗിക്കണം. സുവിശേഷവല്ക്കരണമെന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കാനായി സുവിശേഷീകരണത്തിനുള്ള സുന്നഹദോസ് കമ്മിഷനോടുചേർന്ന് പ്രവർത്തിക്കാൻ നമ്മുടെ സുന്നഹദോസ് കമ്മിഷനുകളെല്ലാം മുന്നോട്ടുവരേണ്ടതുണ്ട്. ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് തിരുമേനി നമ്മെ അനുസ്മരിപ്പിക്കുന്നതുപോലെ, നമ്മുടെ അലസതയും അലംഭാവവുംമൂലം ആർക്കും സുവിശേഷവെളിച്ചം നഷ്ടമാകാൻ ഇടവരരുത്. പ്രഥമ മലങ്കര സുറിയാനി കത്തോലിക്കാ സഭാ അസംബ്ലിയുടെ ചൈതന്യവും നിർദ്ദേശങ്ങളും പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ തീരുമാനങ്ങളും ഔത്സുക്യത്തോടെ പ്രാബല്യമാക്കാൻ ഏവരെയും ഞാൻ ആഹ്വാനം ചെയ്യുന്നു. പ്രായോഗികമായി ചെയ്യേണ്ട കാര്യങ്ങൾ ഉടനെ ഭദ്രാസനങ്ങളിൽ എത്തിക്കുന്നതാണ്. പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ നിർദ്ദേശങ്ങളോട് അതാത് ഭദ്രാസനങ്ങളുടെ കർമ്മപരിപാടികളും ചേർത്ത് അതാത് ഭദ്രാസനാദ്ധ്യക്ഷന്മാർ ബഹു. വൈദികരെയും സന്യസ്തരെയും വിശ്വാസികളെയും അറിയിക്കുന്നതാണ്.

നവസുവിശേഷവത്ക്കരണത്തെക്കുറിച്ചുള്ള വാഴ്ത്തപ്പെട്ട ജോൺപോൾ രണ്ടാമൻ മാർപാപ്പായുടെ വാക്കുകൾ ഇവിടെ പ്രസക്തമാണ്. "സഭയുടെ ആരംഭകാലത്തെ പ്രചോദനം നമ്മിൽ

വീണ്ടും ഉജ്ജ്വലിപ്പിക്കണമെന്നും പന്തക്കുസ്തായെ തുടർന്നുണ്ടായ ശ്ലൈഹിക പ്രഘോഷണത്തിന്റെ തീക്ഷ്ണത നമ്മിൽ നിറയാൻ അനുവദിക്കണമെന്നും ഊന്നിപ്പറയാൻ വേണ്ടി ഞാനത് ആവർത്തിക്കുന്നു. ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലായെങ്കിൽ എനിക്ക് ഹാ, കഷ്ടം (1കോരി 9:16) എന്നുവിളിച്ചുപറഞ്ഞ വിശുദ്ധ പൗലോസിന്റെ ജ്വലിക്കുന്ന അവബോധം നമ്മിൽ പുനരുജ്ജീവിപ്പിക്കണം. വിദഗ്ദരുടെ ഒരു ഗ്രൂപ്പിനുമാത്രം വിട്ടുകൊടുക്കാൻ പാടില്ലാത്തതും ദൈവജനത്തിലെ സകല അംഗങ്ങളുടെയും ഉത്തരവാദിത്വത്തെ ബാധിക്കുന്നതുമായ പ്രേഷിതത്തിന്റെ നവീനബോധത്തെ ഈ ആവേശം സഭയിൽ ഉണർത്താതിരിക്കുകയില്ല." (John Paul II, Apostolic Letter *Novo millennio ineunto*, no. 40). സുവിശേഷ പ്രഘോഷണത്തെക്കുറിച്ചുള്ള വലിയ ഔത്സുക്യം നമ്മുടെ സഭയിലെ എല്ലാ തലങ്ങളിലുള്ളവരെയും സ്വാധീനിക്കട്ടെ! ഏവരും കൂടുതൽ സമർപ്പിതരാകട്ടെ!

ആയത് ദൈവമാതാവായ പരി. കന്യകാമറിയത്തിന്റെയും, അപ്പസ്തോല സമൂഹത്തിന്റേയും, വിശിഷ്യാ നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും, സകല വിശുദ്ധരുടേയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ.

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി



**മോറാൻ മോർ ബസേലിയോസ് ക്ലീമീസ്**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്- കാതോലിക്കാബാവാ

25.12.2011
നമ്മുടെ കർത്താവിന്റെ ജനനപ്പെരുന്നാൾ.
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ...

N.B.: ഈ കല്പന അടുത്തുവരുന്ന ഞായറാഴ്ച വി. കുർബാനമദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.